## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക് ശ്രീമതി.മിനിചന്ദ്രയുടെ ഭർത്താവിന്റെ ചികിൽസാ ചെലവുകൾ - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകുല്യത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 2762/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 08/11/2013**

---

പരാമർശം:- 1) ശ്രീമതി. മിനിചന്ദ്രയുടെ 15/03/2011 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 11/09/2011, 21/05/2013 തീയതികളിലെ എഫ്2-22252/11 നമ്പർ കത്തുകൾ.
3) മലയിൻകീഴ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05/09/2013 ലെ ബി3, 2750/11 നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക് ശ്രീമതി. മിനിചന്ദ്രയുടെ ഭർത്താവിന് റോഡ് ട്രാഫിക് ആക്സിഡന്റിനെത്തുടർന്ന് തിരുവനന്തപുരത്തുള്ള അനന്തപുരി ഹോസ്പിറ്റൽസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ആശുപത്രിയിൽ വച്ച് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 76887/-രൂപ (രൂപ എഴുപത്തി ആറായിരത്തി എണ്ണൂറ്റി എൺപത്തി ഏഴു മാത്രം) അനുവദനീയമാണെന്നും പ്രസ്തുത തുകയുടെ 80% തുകയായ ₹ 61,509/ (രൂപ അറുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി ഒൻപത് മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ ഹെഡ്ക്ലാർക്ക് ശ്രീമതി. മിനിചന്ദ്രയുടെ ഭർത്താവിന് റോഡ് ട്രാഫിക് ആക്സിഡന്റിനെത്തുടർന്ന് തിരുവനന്തപുരത്തുള്ള അനന്തപുരി ഹോസ്പിറ്റൽസ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ആശുപത്രിയിൽ വച്ച് ചികിൽസ

നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയമായ തുകയുടെ 80% തുകയായ ₹ 61,509/ (രൂപ അറുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി ഒൻപത് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതായി കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പഞ്ചായത്ത് ഡയറക്ടർ ഉറപ്പു വരുത്തി ശ്രീമതി. മിനിചന്ദ്രയുടെ ഭർത്താവിന് റോഡ് ട്രാഫിക് ആക്സിഡന്റി നെത്തുടർന്ന് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുകയിൽ അനുവദനീയ മായ തുകയുടെ 80% തുകയായ ₹ 61,509/ (രൂപ അറുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി ഒൻപത് മാത്രം) മലയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അപേക്ഷകയ്ക്ക് അനുവദിക്കുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (LBA&A) തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.(മെഡിക്കൽ ബില്ലുകൾ സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി. മിനിചന്ദ്ര, ഹെഡ്ക്ലാർക്ക്, മലയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (23/02/2013 ലെ 49354/ജി2/12/H&FWD പ്രകാരം)
ധനകാര്യ വകുപ്പ് (19/07/2013 ലെ യു.ഒ 55420/WW3/2013/ഫിൻ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ